പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 3040

20/6/2014 ൽ
മറുപടിക്ക്

## കുഞ്ഞുണ്ണി മാഷ് സ്മാരകം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) നാട്ടിക മണ്ഡലത്തിലെ വലപ്പാട് പഞ്ചായത്തിൽ കവി കുഞ്ഞുണ്ണി മാഷുടെ സ്മാരകനിർമ്മാണത്തിനു വേണ്ടി കുടുംബം സൗജന്യമായി നല്കിയ ഭൂമിയിൽ സ്മാരക നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ചു നടക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ; | (എ) ഇല്ല. സ്മാരക നിർമ്മാണത്തിന് കുഞ്ഞുണ്ണി മാഷിന്റെ കുടുംബം കേരള സാഹിത്യ അക്കാദമിക്ക് സൗജന്യമായി ഭൂമി നൽകിയിട്ടുണ്ട്. ഈ ഭൂമിയിൽ ശ്രീ.ടി.എൻ.പ്രതാപൻ എം.എൽ.എ. അദ്ധ്യക്ഷനായ കുഞ്ഞുണ്ണി സ്മാരക സമിതിയുടെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അക്കാദമി അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) കുഞ്ഞുണ്ണി മാഷ് സ്മാരകത്തിന് സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; | (ബി) 2013-14 സാമ്പത്തിക വർഷം 10 ലക്ഷം രൂപ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും സ്മാരക നിർമ്മാണത്തിനാവശ്യമായ പ്രപ്പോസൽ സമിതി ഭാരവാഹികൾ ലഭ്യമാക്കാത്തതിനാൽ തുക അനുവദിക്കുകയുണ്ടായില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷം സ്മാരക നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടില്ല. |
| (സി) സ്മാരകത്തിന്റെ രൂപകല്പനാ നിർവ്വഹണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ? | (സി) സ്മാരക നിർമ്മാണത്തിനാവശ്യമായ പ്രപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ